"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി - 2026-27 സാമ്പത്തിക വർഷത്തിൽ 3435-04-104-99-PV എന്ന ശീർഷകത്തിൽ നിന്നും 20 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.27/2026/ENVT തീയതി, തിരുവനന്തപുരം, 18-04-2026

---

പരാമർശം:- SEIAA അഡ്മിനിസ്ട്രേറ്ററുടെ 23/03/2026 തീയതിയിലെ SEIAA/ 117/2025-ASST 2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയ്ക്ക് 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 160 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നതെന്നും ടി തുക മുഴുവനും ചെലവഴിച്ച് കഴിഞ്ഞെന്നും, ടി സ്ഥാപനത്തിലെ ജീവനക്കാരുടെ മാർച്ച് മാസം മുതലുള്ള വേതനം ഉൾപ്പെടെയുള്ള ചെലവുകൾ നിർവഹിക്കുന്നതിന് നിലവിൽ ഫണ്ടില്ലാത്ത അവസ്ഥയാണെന്നും, ആയതിനാൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ സാധൂകരണത്തിന് വിധേയമായി 2026-27 വർഷത്തിൽ അതോറിറ്റിക്ക് അനുവദനീയമായ ബജറ്റ് വിഹിതത്തിൽ നിന്നും 91,00,000/- (തൊണ്ണൂറ്റിയൊന്ന് ലക്ഷം) രൂപ അടിയന്തരമായി മുൻകൂറായി അനുവദിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും പരാമർശം കത്ത് പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2026-27 സാമ്പത്തിക വർഷത്തിൽ 3435-04-104-99-PV എന്ന ശീർഷകത്തിൽ നിന്നും സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയ്ക്ക് 20 ലക്ഷം രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UNNIKUTTAN S S
അണ്ടർ സെക്രട്ടറി

അഡ്മിനിസ്ട്രേറ്റർ, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി
അക്കൗണ്ടന്റ് ജനറൽ [എ & ഇ / ഓഡിറ്റ്], കേരളം
ധനകാര്യ വകുപ്പിന് (3466534:EXP-B3/99/2026-FIN dated 16.04.2026)
ഡയറക്ടർ, ഇൻഫൊർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Royi J**
**Date: 20-04-2026 10:37:04**
സെക്ഷൻ ഓഫീസർ